## ഭയം നിറഞ്ഞ പകലിരവുകൾ

ഈയിടെയായി പിടിയിലകപ്പെട്ട മോഷണകുറ്റവാളികൾ തങ്ങളെ മോഷണത്തിന് പ്രേരിപ്പിച്ചതെന്തെന്ന് വെളിപ്പെടുത്തിയ കാര്യം നമ്മുടെ കണ്ണ് തുറപ്പിക്കേണ്ടതാണ്.

തങ്ങളുടെ കുടുംബത്തെ പോറ്റാനായിരുന്നില്ല അവരിൽ ആരും മോഷ്ടാക്കളായത്. ധൂർത്തിനും ആഢംബരത്തിനും വേണ്ടി മാത്രമായിരുന്നു. അതിനുവേണ്ടിയാണ് വാഹനങ്ങൾ മോഷ്ടിച്ചതടക്കം ഭവനഭേദനത്തിനും ആളുകളെ മാരകമായി അപായപ്പെടുത്താനും പിടിച്ചുപറിക്കാനും ആ കുറ്റവാളികൾ ധൃഷ്ടരായത്.

അവരുടെ തെറ്റിനെ സംബന്ധിച്ച പുനർവായനയല്ല ഇത്.

മേത്തരം വാഹനങ്ങൾ വാങ്ങി പെരുമ നടിക്കുക, കുറെ തിന്നുക, വിലപിടിപ്പുള്ള വസ്ത്രങ്ങൾ ധരിക്കുക, ഇഷ്ടമുള്ള സ്ഥലങ്ങളിൽ കറങ്ങുക, കുറേ ലഹരി പദാർഥങ്ങൾ ആസ്വദിക്കുക, അവിഹിതവേഴ്ചകളിൽ ഏർപ്പെടുക, നിയമങ്ങളെയും സാമൂഹികസമാധാനത്തെയും നശിപ്പിച്ച് നാട്ടിൽ അരാചകത്വം ഉണ്ടാക്കുക, എല്ലാ സൗകര്യങ്ങളുമുള്ള പ്രശസ്ത ഹോട്ടലുകളിൽ ഉണ്ണുകയും ബാറുകളിൽ കഴിച്ചുകൂട്ടുകയും ചെയ്യുക. അക്കൂട്ടത്തിൽ വ്യവഹരിക്കാവുന്ന സംഗതികൾ ചെയ്തുകൂട്ടുക. ഈ വക കാര്യങ്ങളാണ് ആഢംബരവും സുഖജീവിതവും എന്നാണ് പൊതുവെയുള്ള ധാരണ.

അപകടകരമായ ഈ ജീവിതരീതി യുവാക്കളിൽ തഴച്ചുവളരാനും അവ പൂർത്തീകരിക്കുവാൻ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുവാനും അവരെ ഉദ്യുക്തരാക്കുന്നതിൽ സമൂഹത്തിൻെറയും ഉപരി മീഡിയകളുടെയും ഭരണകൂടങ്ങളുടെയും പങ്ക് വലുതാണ്.

പണത്തിലും വാഹനങ്ങളടക്കം അനിവാര്യമല്ലാത്ത വീട്ടുപകരണങ്ങൾ വാങ്ങുന്നതിലുമൊക്കെ പെരുമ നടിക്കുന്ന കാലമാണിത്. ഉള്ളവൻ ഉള്ള നിലക്ക് കഴിയുക മാത്രമല്ല ചെയ്യുന്നത്. തൻെറ പെരുമ നാലാൾ അറിയണമെന്ന അപകടകരമായ ഉള്ളിലിരുപ്പും അവനെ നില മറന്നവനാക്കുന്നുണ്ട്. സ്വർണമുള്ള സ്ത്രീകളിലും ഉണ്ട് ഈ പ്രവണത. ഇല്ലാത്തവനെ അസൂയാലുവാക്കുന്ന ഈ അഭാസം നല്ലതല്ല. ഉള്ള അവസ്ഥയിലും ഇല്ലാത്ത അവസ്ഥയിലും വിവേകത്തോടെ പെരുമാറാൻ നമ്മിൽ പലർക്കും സാധിക്കുന്നില്ല. ഈ പൊങ്ങച്ചം കള്ളന്മാരെയും പിടിച്ചുപറിക്കാരെയും പ്രോത്സാഹിപ്പിക്കുവാനല്ലാതെ മറ്റെന്തിന് ഉപകരിക്കും? ജീവിതത്തിന് അച്ചടക്കമില്ലാത്തതിൻെറ ഭാഗമാണത്. സ്വതവേ രോഗമുള്ള മനസ്സുകളെ കൂടുതൽ രോഗികളാക്കുന്ന സമൂഹമാണ് നമ്മുടെത്. അതിന് നിമിത്തമാക്കുന്നത് നമ്മുടെ ജീവിതരീതികളുമാണ്.

മനുഷ്യനെ സംസ്കരിക്കുന്നതിൽ എന്തെങ്കിലും “സാധനം” സംഭാവന ചെയ്യാനാകാത്ത സീരിയലുകളാണ് ഈവക കുറ്റവാളികളെ വളർത്തുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നത്. ഇന്ന സീരിയലിലെ രംഗമാണ് തനിക്ക് പ്രചോദനമായതെന്ന് കുറ്റസമ്മതത്തിനിടയിൽ തുറന്നുപറഞ്ഞ ഏറെ കുറ്റവാളികളുണ്ട്. നമ്മെ സംസ്കരിക്കുകയും അച്ചടക്കപൂർണമായ സമൂഹത്തെ വാർത്തെടുക്കുകയും ചെയ്യേണ്ട ചാനലുകളാണ് പ്രധാന പ്രതിസ്ഥാനത്തു നില്ക്കുന്നത്. ഈവക മീഡിയകളൊക്കെ നന്നായാൽ തന്നെ അവസ്ഥകൾ നന്നാകുമായിരുന്നു.

കുറ്റവാളികളെ കൈകാര്യം ചെയ്യുന്ന നിയമപാലന രീതിയിലുമുണ്ട് തകരാറുകൾ. കൈക്കൂലിയുണ്ടെങ്കിൽ ഏത് കുറ്റവാളിക്കും പുറത്തു വിലസാമെന്ന അവസ്ഥയാണിന്നുള്ളത്. രാഷ്ട്രീയസ്വാധീനമെന്ന ഉപാധിയും അതിന് സഹായകമാണ്.

ഇതെല്ലാം കൂടി സമൂഹത്തിന് ചെയ്യുന്ന സംഭാവന ഇതാണ്: ഭയം നിറഞ്ഞ പകലിരവുകളിലൂടെയാണ് നമ്മുടെ നാട് ജീവിക്കുന്നത്.